144.

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ചുണ്ണാമ്പുകല്ല്_ഡോളമൈററ് ഖനികൾ തൊഴിലാളി ക്ഷേമനിധി ആക്ററ്, 1972

(1972-ലെ 62-ാം നമ്പർ ആക്ററ്)

യൂണിയൻ ഗവൺമെൻറിനു വേണ്ടി
കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം
ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1977

വില: [illegible]1-40

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ചുണ്ണാമ്പുകല്ല്-ഡോളമൈററ് ഖനികൾ തൊഴിലാളി ക്ഷേമനിധി ആക്ററ്, 1972

(1972-ലെ 62-ാം നമ്പർ ആക്ററ്)

യൂണിയൻ ഗവൺമെൻറിനു വേണ്ടി
കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം
ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

Rs 1-40

# ചുണ്ണാമ്പുകല്ല്-ഡോളമൈററ് ഖനികൾ തൊഴിലാളി ക്ഷേമനിധി ആക്ററ്, 1972

(1972-ലെ 62-ാം നമ്പർ ആക്ററ്)

ചുണ്ണാമ്പുകല്ല്--ഡോളമൈററ് ഖനികളിൽ നിയോജിക്കപ്പെടുന്ന ആളുകളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ധനസഹായം ചെയ്യുന്നതിനുവേണ്ടി ചുണ്ണാമ്പുകല്ലിൻമേലും ഡോളമൈററിൻമേലും ഒരു സെസ് ലെവി ചെയ്യുകയും പിരിക്കുകയും ചെയ്യാൻ വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്ററ്.

[1972 ഡിസംബർ, 12.

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ഇരുപത്തിമൂന്നാം സംവൽസരത്തിൽ പാർലമെൻറ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്ററിന്, ചുണ്ണാമ്പുകല്ല്-ഡോളമൈററ് ഖനികൾ തൊഴിലാളി ക്ഷേമനിധി ആക്ററ്, 1972 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത് കേന്ദ്രഗവൺമെൻറ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതും, വ്യത്യസ്ത സ്റേററുകൾക്ക് വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതുമാകുന്നു.

2. നിർവ്വചനങ്ങൾ.—ഈ ആക്ററിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം—

(ക) "ഏജൻറി" നും, "ഉടമസ്ഥ" നും, ഖനികൾ ആക്ററ്, 1952 (1952-ലെ 35)-ലെ 2-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ യഥാക്രമം (ഗ) യും (ഠ) യും ഖണ്ഡങ്ങളിൽ അവയ്ക്ക് നല്കിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(ഖ) "ഫാക്ററി" ക്കും, "കൈവശക്കാര" നും, ഫാക്ററി ആക്ററ്, 1948 (1948-ലെ 63)-ലെ 2-ാം വകുപ്പിൽ യഥാക്രമം (ഡ) യും (ഢ) യും ഖണ്ഡങ്ങളിൽ അവയ്ക്ക് നല്കിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(ഗ) "മാനേജർ" ക്ക്, ഖനികൾ ആക്ററ്, 1952 (1952-ലെ 35)-ലെ 17-ാം വകുപ്പിൽ പരാമർശിക്കുന്ന മാനേജർ എന്നർത്ഥമാകുന്നു.

(ഘ) ഒരാൾ ഒരു ചുണ്ണാമ്പുഖനിയിൽ, അല്ലെങ്കിൽ ഡോളമൈററ് ഖനിയിൽ നിയോജിക്കപ്പെട്ടിട്ടുള്ളതായി പറയപ്പെടുന്നത്—

(1) അയാൾ അങ്ങനെയുള്ള ഖനിയുടെ കെട്ടിട പരിസരങ്ങളിലോ സമീപസ്ഥലത്തോ, അങ്ങനെയുള്ള ഖനിയുടെ ഉടമസ്ഥനാലോ ഏജൻറിനാലോ മാനേജരാലോ അല്ലെങ്കിൽ ഏതെങ്കിലും കാൺട്രാക്ടറാലോ മററേതെങ്കിലും ഏജൻസിയാലോ താഴെ പറയുന്നവയിൽ, അതായത്:—

3/4434/S

(i) ഏതെങ്കിലും ചുണ്ണാമ്പുകല്ല് ഖനനത്തിൻേറയോ ഡോളമൈററ് ഖനനത്തിൻേറയോ പ്രവർത്തനം;

(ii) അങ്ങനെയുള്ള ഖനിയിലോ അതിനോടു ചേർന്നോ ഉപയോഗിക്കപ്പെടുന്ന ഏതെങ്കിലും മെഷീനറിയുടേയോ അതിൻെറ ഏതെങ്കിലും ഭാഗത്തിൻേറയോ പ്രവർത്തനം, സർവ്വീസിങ്ങ്, സംരക്ഷണം, അല്ലെങ്കിൽ കേടുപാടുതീർക്കൽ;

(iii) ചുണ്ണാമ്പുകല്ലോ ഡോളമൈററോ, അല്ലെങ്കിൽ ചുണ്ണാമ്പുകല്ലോ ഡോളമൈററോ ഖനനം ചെയ്യുന്നതുമായി ബന്ധപ്പെട്ട മറേറതെങ്കിലും പദാർത്ഥമോ, കയററുകയോ ഇറക്കുകയോ ഡെസ്പാച്ച് ചെയ്യുകയോ ചെയ്യുന്നത്;

(iv) അങ്ങനെയുള്ള ഖനിയുടെ അതിർത്തികൾക്കുള്ളിൽ സ്ഥിതി ചെയ്യുന്ന ഏതെങ്കിലും ആഫീസിലേയോ കാൻറീനിലേയോ ശിശുശാലയിലേയോ ഏതെങ്കിലും പ്രവൃത്തി;

(v) അങ്ങനെയുള്ള കെട്ടിട പരിസരങ്ങളിലോ സമീപസ്ഥലത്തോ ഉള്ളതും, ഏതെങ്കിലും വാസഗൃഹം നില്ക്കുന്ന സ്ഥലമല്ലാത്തതും ആയ ഏതെങ്കിലും സ്ഥലത്തുള്ള ക്ഷേമപരമോ ആരോഗ്യപരമോ ആരോഗ്യ രക്ഷാപരമോ ശുചീകരണപരമോ ആയ ഏതെങ്കിലും സേവനങ്ങൾ, അല്ലെങ്കിൽ ഏതെങ്കിലും കാവൽ കർത്തവ്യങ്ങൾ;

എന്നിവയിൽ ഏതെങ്കിലും, ഒന്നിലോ അതിലധികം എണ്ണത്തിലോ അനന്യമായി നിയോജിക്കപ്പെടുന്നുവെങ്കിലോ; അല്ലെങ്കിൽ

(2) കേന്ദ്രഗവൺമെൻറ് ഇതിലേക്ക് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം ചെയ്യുന്ന ഏതെങ്കിലും പ്രദേശത്ത്, അയാൾ അങ്ങനെയുള്ള ഖനിയുടെ ഉടമസ്ഥനാലോ ഏജൻറിനാലോ മാനേജരാലോ അല്ലെങ്കിൽ ഒരു കാൺട്രാക്ററാലോ മറേറതെങ്കിലും ഏജൻസിയാലോ, ചുണ്ണാമ്പുകല്ലോ ഡോളമൈററോ അല്ലെങ്കിൽ ചുണ്ണാമ്പുകല്ലിൻേറയോ ഡോളമൈററിൻേറയോ ഖനനവുമായി ബന്ധപ്പെട്ട മറേറതെങ്കിലും പദാർത്ഥമോ, കയററുകയോ ഇറക്കുകയോ ഡെസ്പാച്ച് ചെയ്യുകയോ ചെയ്യുന്നതിൽ അനന്യമായി നിയമിക്കപ്പെടുന്നുവെങ്കിലോ;

ആകുന്നു.

(ങ) "നിർണ്ണയിക്കപ്പെടുന്ന" എന്നതിന്, ഈ ആക്ററിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന എന്ന് അർത്ഥമാകുന്നു.

3. <u>ചുണ്ണാമ്പുകല്ലിൻമേലും ഡോളമൈററിൻമേലും സെസ് ലെവി ചെയ്യലും പിരിക്കലും.</u>— ഏതെങ്കിലും ഖനിയിൽ ഉത്പാദിപ്പിക്കപ്പെടുന്ന ചുണ്ണാമ്പുകല്ലിലും ഡോളമൈററിലും—

(i) ഏതെങ്കിലും ഫാക്ററിയുടെ കൈവശക്കാരന് വില്ക്കുകയോ മററു വിധത്തിൽ വ്യയനം ചെയ്യുകയോ ചെയ്യുന്നിടത്തോളമോ; അല്ലെങ്കിൽ

(ii) അങ്ങനെയുള്ള ഖനിയുടെ ഉടമസ്ഥൻ സിമൻറിൻേറയോ ഇരുമ്പിൻേറയോ ഉരുക്കിൻേറയോ നിർമ്മാണം സംബന്ധിച്ച ഏതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുന്നിടത്തോളമോ,

ഉള്ളതിൻമേൽ കേന്ദ്രഗവൺമെൻറ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, അപ്പോഴപ്പോൾ നിജപ്പെടുത്തുന്നതും, അതതു സംഗതിപോലെ, ഓരോ മെട്രിക്ടൺ ചുണ്ണാമ്പുകല്ലിനും, അല്ലെങ്കിൽ ഡോളമൈററിനും ഒരു രൂപയിൽ കവിയാത്തതും ആയ നിരക്കിൽ ഒരു എക്സൈസ് ഡ്യൂട്ടി ഈ ആക്ററിൻെറ ആവശ്യങ്ങൾക്കുവേണ്ടി ഒരു സെസ് ആയി കേന്ദ്രഗവൺമെൻറ്

ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതി മുതൽ പ്രഭാവത്തോടുകൂടി ലെവി ചെയ്യുകയും പിരിക്കുകയും ചെയ്യേണ്ടതാകുന്നു.

വിശദീകരണം.—ഏതെങ്കിലും ചുണ്ണാമ്പുകല്ല് ഖനിയുടേയോ ഡോളമൈററ് ഖനിയുടേയോ ഉടമസ്ഥൻ, ഏതെങ്കിലും ഫാക്ടറിയുടെ കൈവശക്കാരൻകൂടി ആയിരിക്കുന്നിടത്ത്, അതതു സംഗതിപോലെ, ഖനിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നതും മറേറതെങ്കിലും ഫാക്ററിയുടെ കൈവശക്കാരന് വില്ക്കുകയോ മററു വിധത്തിൽ വ്യയനം ചെയ്യുകയോ ചെയ്യാത്തതുമായ എല്ലാ ചുണ്ണാമ്പുകല്ലും, അല്ലെങ്കിൽ ഡോളമൈററും വിപരീതമായതു തെളിയിക്കപ്പെടാത്തപക്ഷം, അങ്ങനെയുള്ള ഉടമസ്ഥനാൽ സിമൻറിൻേറയോ ഇരുമ്പിൻേറയോ ഉരുക്കിൻേറയോ നിർമ്മാണം സംബന്ധിച്ച ഏതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കപ്പെട്ടിട്ടുള്ളതായി, (ii)-ാം ഖണ്ഡത്തിൻെറ ആവശ്യങ്ങൾക്ക്, കരുതപ്പെടുന്നതാകുന്നു.

4. എക്സൈസ് ഡ്യൂട്ടി കൊടുക്കൽ.—(1) ചുണ്ണാമ്പുകല്ലിൻമേലോ ഡോളമൈററിൻമേലോ ഈ ആക്ററിൻ കീഴിൽ ലെവി ചെയ്യാവുന്ന ഏതൊരു, എക്സൈസ് ഡ്യൂട്ടിയും—

(ക) ഫാക്ററിയുടെ കൈവശക്കാരന്, അങ്ങനെയുള്ള ചുണ്ണാമ്പുകല്ലോ ഡോളമൈററോ അയാൾക്ക് വില്ക്കുകയോ മററുവിധത്തിൽ വ്യയനം ചെയ്യുകയോ ചെയ്യു ന്ന ആളോ;

(ഖ) ചുണ്ണാമ്പുകല്ലോ ഡോളമൈററോ, ചുണ്ണാമ്പുകല്ല് ഖനിയുടേയോ ഡോളമൈററ് ഖനിയുടേയോ ഉടമസ്ഥൻ സിമൻറിൻേറയോ ഇരുമ്പിൻേറയോ ഉരുക്കിൻേറയോ നിർമ്മാണം സംബന്ധിച്ച ഏതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുന്നിടത്ത്, കേന്ദ്രഗവൺമെൻറിന് അങ്ങനെയുള്ള ഉടമസ്ഥനോ;

നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിൽ കൊടുക്കേണ്ടതായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൽ പരാമർശിക്കുന്ന എല്ലാ തുകകളും ഫാക്ററിയുടെ കൈവശക്കാരൻ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ പിരിക്കുകയും, നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിൽ കേന്ദ്രഗവൺമെൻറിന് കൊടുക്കുകയും ചെയ്യേണ്ടതാകുന്നു.

5. എക്സൈസ് ഡ്യൂട്ടി വരവിൻെറ വിനിയോഗം.—(1) ഈ ആക്ററിൻ കീഴിൽ ലെവി ചെയ്യുന്ന എക്സൈസ് ഡ്യൂട്ടി വരവിൽ നിന്ന് കേന്ദ്രഗവൺമെൻറ് നിശ്ചയിക്കുന്നപ്രകാരമുള്ള പിരിവ് ചെലവു കുറവ് ചെയ്താലുള്ള തുകയ്ക്ക് തുല്യമായ ഒരു തുക, ആ തുക നിക്ഷേപിക്കുന്നതിൽനിന്നുള്ള എതെങ്കിലും ആദായവും ഈ ആക്ററിൻെറ ആവശ്യങ്ങൾക്കായി കേന്ദ്രഗവൺമെൻറിന് കിട്ടുന്ന മറേറതെങ്കിലും പണവും സഹിതം പാർലമെൻറ് നിയമത്താൽ മുറപ്രകാരം ചെയ്യുന്ന വിനിയോഗത്തിനുശേഷം (ഇതിൽ ഇതിനുശേഷം നിധി എന്നു പരാമർശിക്കപ്പെടുന്ന) ചുണ്ണാമ്പുകല്ലും ഡോളമൈററും തൊഴിലാളി ക്ഷേമനിധി എന്നു പേർ പറയപ്പെടേണ്ട ഒരു നിധിയിൽ വരവുവയ്ക്കാനായി കൊടുക്കേണ്ടതാകുന്നു.

(2) നിധി, കേന്ദ്രഗവൺമെൻറ്, ചുണ്ണാമ്പുകല്ല് ഖനികളിലോ ഡോളമൈററ് ഖനികളിലോ നിയോജിക്കപ്പെടുന്ന ആളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിന്, ആ ഗവൺമെൻറിൻെറ അഭിപ്രായത്തിൽ ആവശ്യ

കമോ സമീചീനമോ ആയ നടപടികൾ സംബന്ധിച്ചുണ്ടാകുന്ന ചെലവുകൾ നേരിടുന്നതിനായും പ്രത്യേകിച്ച് താഴെ പറഞ്ഞവയ്ക്കായും വിനിയോഗിക്കേണ്ടതാകുന്നു.

(ക) ചുണ്ണാമ്പുകല്ല് ഖനികളിലോ ഡോളമൈററ് ഖനികളിലോ നിയോജിക്കപ്പെടുന്ന ആളുടെ ഗുണത്തിനായുള്ളതും,—

(i) പൊതുജനാരോഗ്യവും ശുചീകരണവും മെച്ചപ്പെടുത്തുന്നതിനേയും, രോഗനിവാരണത്തേയും ചികിൽസാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനേയും;

(ii) വെള്ളം നല്കാനുള്ള ഏർപ്പാടുകളും, കഴുകൽ സൗകര്യങ്ങളും ഏർപ്പെടുത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനേയും;

(iii) വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനേയും;

(iv) പാർപ്പിടം ഏർപ്പെടുത്തലും ആഹാരപോഷണവും ഉൾപ്പെടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനേയും സാമൂഹ്യ സ്ഥിതികൾ നന്നാക്കുന്നതിനേയും വിനോദസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനേയും;

ലക്ഷ്യമാക്കി ഉള്ളതുമായ നടപടികളുടെ ചെലവ് കൊടുത്തുതീർക്കുന്നതിന്;

(ഖ) ചുണ്ണാമ്പുകല്ലു ഖനികളിലോ ഡോളമൈററ് ഖനികളിലോ നിയോജിക്കപ്പെടുന്ന ആളുകളുടെ ക്ഷേമവുമായി ബന്ധപ്പെട്ട ഏതെങ്കിലും ആവശ്യത്തിനുവേണ്ടിയുള്ളതും, കേന്ദ്രഗവൺമെൻറ് അംഗീകരിക്കുന്നതുമായ ഏതെങ്കിലും പദ്ധതിയ്ക്ക് സഹായകമായി ഒരു സ്റേററ് ഗവൺമെൻറിനോ തദ്ദേശാധികാര സ്ഥാനത്തിനോ ഒരു ചുണ്ണാമ്പുകല്ല് ഖനിയുടെ അല്ലെങ്കിൽ ഡോളമൈററു ഖനിയുടെ ഉടമസ്ഥനോ കടമോ സബ്സിഡിയോ നല്കുന്നതിന്;

(ഗ) ചുണ്ണാമ്പുകല്ല് ഖനികളുടേയോ ഡോളമൈററ് ഖനികളുടേയോ ഉടമസ്ഥൻമാരിൽ തങ്ങളുടെ ഖനികളിൽ നിയോജിക്കപ്പെടുന്ന ആളുകളുടെ ഗുണത്തിനായി, നിർണ്ണയിക്കപ്പെടുന്ന നിലവാരത്തിലുള്ള ക്ഷേമസൗകര്യങ്ങൾ കേന്ദ്രഗവൺമെൻറിന് ബോദ്ധ്യപ്പെടുന്നവിധം ഏർപ്പെടുത്തുന്നവർക്ക് വർഷംതോറും സഹായകഗ്രാൻറുകൾ കൊടുക്കുന്നതിന്:—എന്നാൽ അത് അങ്ങനെയുള്ള ഉടമസ്ഥന് സഹായക ഗ്രാൻറായി കൊടുക്കേണ്ടതുക—

(i) ക്ഷേമസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ അയാൾ ചെലവാക്കിയതായി കേന്ദ്രഗവൺമെൻറ്, കേന്ദ്രഗവൺമെൻറ് ഇതിലേക്ക് വിനിർദ്ദേശിക്കുന്ന ഏതെങ്കിലും ആളോ നിശ്ചയിക്കുന്ന തുകയോ; അല്ലെങ്കിൽ;

(ii) നിർണ്ണയിക്കപ്പെടുന്ന തുകയോ,

ഏതാണ് കുറവ്, അതിൽ കവിയാൻ പാടില്ലാത്ത വിധമായിരിക്കേണ്ടതാണ്:

എന്നാൽ ഒരു ചുണ്ണാമ്പുകല്ല് ഖനിയുടേയോ ഡോളമൈററ് ഖനിയുടേയോ ഉടമസ്ഥൻ ഏർപ്പെടുത്തുന്ന ഏതെങ്കിലും ക്ഷേമസൗകര്യങ്ങൾ സംബന്ധിച്ച്, അതിന് ചെലവാക്കിയതായി മുൻപറഞ്ഞപോലെ നിശ്ചയിക്കപ്പെടുന്ന തുക ഇതിലേക്കായി നിർണ്ണയിക്കപ്പെടുന്ന തുകയേക്കാൾ കുറവായിരിക്കുന്നിടത്ത്, യാതൊരു സഹായക ഗ്രാൻറും കൊടുക്കേണ്ടതായിരിക്കുന്നതല്ല.

(ഘ) യഥാക്രമം 6-ം, 7-ം വകുപ്പുകളിൻകീഴിൽ ഏർപ്പെടുത്തുന്ന ഉപദേശകക്കമ്മിററികളിലേയും കേന്ദ്രഉപദേശകക്കമ്മിററിയിലേയും അംഗങ്ങളുടെ, ബത്തകൾ വല്ലതുമുണ്ടെങ്കിൽ അവയും, 8-ാം വകുപ്പിൻ കീഴിൽ നിയമിക്കപ്പെടുന്ന ആളുടെ ശമ്പളങ്ങളും ബത്തകൾ, വല്ലതുമുണ്ടെങ്കിൽ അവയും, കൊടുക്കുന്നതിന്;

(ങ) നിധിയിൽ നിന്ന് കൊടുത്തുതീർക്കേണ്ടതായി കേന്ദ്രഗവൺമെൻറ് നിദേശിക്കുന്ന മറേറതെങ്കിലും ചെലവിന്.

6. ഉപദേശക കമ്മിററികൾ.—(1) കേന്ദ്രഗവൺമെൻറിന് നിധിയുടെ വിനിയോഗം സംബന്ധിച്ച വിഷയങ്ങൾ ഉൾപ്പെടെ, ഈ ആക്ററിൻെറ ഭരണത്തിൽ നിന്ന് ഉത്ഭവിക്കുന്നതും കേന്ദ്രഗവൺമെൻറ് ഉപദേശകക്കമ്മിററിക്ക് റഫർചെയ്യുന്നതും ആയ വിഷയങ്ങളിൻമേൽ കേന്ദ്രഗവൺമെൻറിനെ ഉപദേശിക്കുന്നതിന് യുക്തമെന്നു തോന്നുന്നത്ര, എന്നാൽ മുഖ്യ ചുണ്ണാമ്പുകല്ല് ഉത്പാദക സ്റേററുകളോ മുഖ്യ ഡോളമൈററ് ഉത്പാദക സ്റേററുകളോ ആയ സ്റേററുകളിൽ ഓരോന്നിലും ഒന്നിൽ കവിയാതെ ഉപദേശകക്കമ്മററികൾ ഏർപ്പെടുത്താവുന്നതാണ്.

(2) ഏതൊരു ഉപദേശകക്കമ്മിററിലും കേന്ദ്രഗവൺമെൻറ്, അതിലേക്ക് നിയമിക്കുന്നത്ര ആളുകൾ അടങ്ങിയതായിരിക്കേണ്ടതും, അംഗങ്ങൾ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വരണം ചെയ്യപ്പെടേണ്ടതുമാകുന്നു:

എന്നാൽ ഓരോ ഉപദേശകക്കമ്മിററിയിലും, ഗവൺമെൻറിനേയും, ചുണ്ണാമ്പുകല്ല്, ഡോളമൈററ് ഖനി ഉടമസ്ഥൻമാരേയും, ചുണ്ണാമ്പുകല്ല് ഡോളമൈററ് ഖനികളിൽ നിയോജിക്കപ്പെടുന്ന ആളുകളേയും പ്രതിനിധാനം ചെയ്യുന്ന, തുല്യസംഖ്യയുള്ള അംഗങ്ങൾ ഉൾപ്പെട്ടിരിക്കേണ്ടതും അങ്ങനെയുള്ള ഓരോ കമ്മിററിയിലേയും ഒരു അംഗമെങ്കിലും സ്ത്രീ ആയിരിക്കേണ്ടതും ആകുന്നു.

(3) ഓരോ ഉപദേശകക്കമ്മിററിയുടേയും ചെയർമാൻ കേന്ദ്രഗവൺമെൻറിനാൽ നിയമിക്കപ്പെടേണ്ടതാകുന്നു.

(4) ഏതൊരു ഉപദേശകക്കമ്മിററിയിലേയും എല്ലാ അംഗങ്ങളുടേയും പേരുകൾ കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

7. കേന്ദ്രഉപദേശകക്കമ്മിററി.—(1) കേന്ദ്രഗവൺമെൻറിന്, 6-ാംവകുപ്പിൻകീഴിൽ ഏർപ്പെടുത്തുന്ന ഉപദേശകക്കമ്മിററികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും, ഈ ആക്ററിൻെറ ഭരണത്തിൽ നിന്ന് ഉത്ഭവിക്കുന്ന ഏതെങ്കിലും വിഷയം സംബന്ധിച്ച് കേന്ദ്രഗവൺമെൻറിനെ ഉപദേശിക്കുന്നതിനുമായി ഒരു കേന്ദ്രഉപദേശകക്കമ്മിററി ഏർപ്പെടുത്താവുന്നതാണ്.

(2) കേന്ദ്രഉപദേശകക്കമ്മിററിയിൽ കേന്ദ്രഗവൺമെൻറ് അതിലേക്ക് നിയമിക്കുന്നത്ര ആളുകൾ അടങ്ങിയതായിരിക്കേണ്ടതും, അംഗങ്ങൾ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ വരണം ചെയ്യപ്പെടേണ്ടതുമാകുന്നു:

എന്നാൽ കേന്ദ്ര ഉപദേശകകമ്മിററിയിൽ, ഗവൺമെൻറിനേയും ചുണ്ണാമ്പ് കല്ല്-ഡോളമൈററ് കല്ല് ഖനികളുടെ ഉടമസ്ഥൻമാരേയും, ചുണ്ണാമ്പുകല്ല് ഡോളമൈററ് ഖനികളിൽ നിയോജിക്കപ്പെടുന്ന ആളുകളേയും പ്രതിനിധാനം ചെയ്യുന്ന തുല്യസംഖ്യയുള്ള അംഗങ്ങൾ ഉൾപ്പെട്ടിരിക്കേണ്ടതാകുന്നു.

(3) കേന്ദ്ര ഉപദേശക കമ്മിററിയുടെ ചെയർമാൻ കേന്ദ്രഗവൺമെൻറിനാൽ നിയമിക്കപ്പെടേണ്ടതാകുന്നു.

(4) കേന്ദ്രഉപദേശകകമ്മിററിയിലെഎല്ലാ അംഗങ്ങളുടേയും പേരുകൾ കേന്ദ്രഗവൺമെൻറ്, ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

8. ഇൻസ്പെക്ടർമാർ മുതലായവരുടെ നിയമനവും അവരുടെ അധികാരങ്ങളും.—(1) ഈ ആക്ററിൻെറ ആവശ്യങ്ങൾക്കായി കേന്ദ്രഗവൺമെൻറിന് ആവശ്യകമെന്നു തോന്നുന്നത്ര ഇൻസ്പെക്ടർമാരേയും ക്ഷേമ അഡ്മിനിസ്ട്രേററർമാരെയും ആവശ്യകമെന്നുതോന്നുന്ന മററു ഉദ്യോഗസ്ഥൻമാരേയും സ്ററാഫിനേയും നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെടുന്ന ഏതൊരാളും ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)-യിലെ 21-ാം വകുപ്പിൻെറ അർത്ഥത്തിൽ പബ്ലിക്ക് സർവൻറായി കരുതപ്പെടുന്നതാകുന്നു.

(3) ഏതെങ്കിലും ഇൻസ്പെക്ടർക്കോ ക്ഷേമ അഡ്മിനിസ്ട്രേററർക്കോ.—

(ക) യുക്തമെന്നു തോന്നുന്ന സഹായം വല്ലതും വേണമെങ്കിൽ അതോടുകൂടി ഈ ആക്ററിൻെറ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി, പ്രവേശിക്കുന്നത് ആവശ്യകമാണെന്നു താൻ പരിഗണിക്കുന്ന ഏത് സ്ഥലത്തും ന്യായമായ ഏത് സമയത്തും പ്രവേശിക്കുകയും ;

(ഖ) തൻെറ കർത്തവ്യങ്ങളുടെ ശരിയായ നിർവ്വഹണത്തിന് ആവശ്യകമായ എന്തെങ്കിലും അങ്ങനെയുള്ള സ്ഥലത്തിനുള്ളിൽ ചെയ്യുകയും ;

(ഗ) നിർണ്ണയിക്കപ്പെടുന്ന മററ് അധികാരങ്ങൾ പ്രയോഗിക്കുകയും, ചെയ്യാവുന്നതാണ്.

9. ഒഴിവാക്കാൻ കേന്ദ്രഗവൺമെൻറിനുള്ള അധികാരം.—ഈ ആക്ററിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും സ്റേററിലോ അതിൻെറ ഏതെങ്കിലും ഭാഗത്തോ ചുണ്ണാമ്പുകല്ല് ഖനികളിലോ ഡോളമൈററ് ഖനികളിലോ നിയോജിക്കപ്പെടുന്ന ആളുകളുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ധനസഹായം ചെയ്യുന്നതിനുവേണ്ടി പര്യാപ്തമായ വ്യവസ്ഥ ഉണ്ടാക്കുന്ന ഒരു നിയമം പ്രാബല്യത്തിലുണ്ടെന്ന് കേന്ദ്രഗവൺമെൻറിന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അതിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററിലെ എല്ലാ വ്യവസ്ഥകളുമോ അവയിൽ ഏതെങ്കിലുമോ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന അപവാദങ്ങൾക്കു രൂപഭേദങ്ങൾക്കും വിധേയമായി, അങ്ങനെയുള്ള സ്റേററിനോ അതിൻെറ ഭാഗത്തിനോ ബാധകമാകുന്നതല്ലെന്നോ, ബാധകമാകുന്നതാണെന്നോ നിദേശിക്കാവുന്നതാണ്.

10. ആക്ററിൻകീഴിൽ ധനസഹായം ചെയ്യുന്ന പ്രവർത്തനങ്ങളുടെ വാർഷിക റിപ്പോർട്ട്.—കേന്ദ്രഗവൺമെൻറ് ഓരോ സാമ്പത്തികവർഷവും അവസാനിച്ചതിനുശേഷം, ആകുന്നത്ര വേഗത്തിൽ, കേന്ദ്രഗവൺമെൻറിൻെറ മുൻ സാമ്പത്തികവർഷത്തിൽ ഈ ആക്ററിൻകീഴിൽ ധനസഹായംചെയ്ത പ്രവർത്തനങ്ങളുടെ ഒരു വിവരണം നല്കുന്ന ഒരു റിപ്പോർട്ട് കണക്കുകളുടെ ഒരു സ്റേററ്മെൻറ് സഹിതം ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തിക്കേണ്ടതാകുന്നു.

11. ഫാക്ററികളുടെ കൈവശക്കാരും ഖനികളുടെ ഉടമസ്ഥൻമാരും കൊടുക്കേണ്ട പലിശ.—ഒരു ഫാക്ററിയുടെ ഏതെങ്കിലും കൈവശക്കാരനോ, ഒരു ചുണ്ണാമ്പുകല്ല് ഖനിയുടേയോ ഡോളമൈററ് ഖനിയുടേയോ ഏതെങ്കിലും ഉടമസ്ഥനോ, 4-ാം വകുപ്പിൻകീഴിൽ അയാൾ കേന്ദ്രഗവൺമെൻറിന് കൊടുക്കേണ്ട ഏതെങ്കിലും തുക, ആ വകുപ്പിൻകീഴിൽ അതിന് നിർണ്ണയിക്കപ്പെടുന്ന കാലാവധിക്കുള്ളിൽ കൊടുക്കാതിരിക്കുന്നുവെങ്കിൽ, അതതുസംഗതിപോലെ, അങ്ങനെയുള്ള കൈവശക്കാരനോ ഉടമസ്ഥനോ, അങ്ങനെ പണം കൊടുക്കാനുള്ള തീയതിമുതൽ അങ്ങനെയുള്ള തുക യഥാർത്ഥത്തിൽ കൊടുക്കുന്നതുവരെ, കൊടുക്കേണ്ട തുകയിൻമേൽ പ്രതിവർഷം പന്ത്രണ്ടു ശതമാനം ക്രമ പലിശ കൊടുക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

12. നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിൽ എക്സൈസ് ഡ്യൂട്ടി കൊടുക്കാതിരിക്കുന്നതിനുള്ള ദണ്ഡനം.—ഫാക്ററിയുടെ കൈവശക്കാരനോ ചുണ്ണാമ്പുകല്ല് ഖനിയുടേയോ ഡോളമൈററ് ഖനിയുടെയോ ഉടമസ്ഥനോ 4-ാം വകുപ്പിൻ കീഴിൽ കേന്ദ്രഗവൺമെൻറിന് കൊടുക്കേണ്ട ഏതെങ്കിലും എക്സൈസ് ഡ്യൂട്ടി, ആ വകുപ്പിൻകീഴിൽ, നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിൽ, ആ ഗവൺമെൻറിന് കൊടുക്കുന്നില്ലെങ്കിൽ, അത് കുടിശ്ശികയായിട്ടുള്ളതായി കരുതപ്പെടുന്നതും, ഇതിലേയ്ക്ക് നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനത്തിന് യുക്തമെന്നുതോന്നുന്ന അന്വേഷണവിചാരണയ്ക്ക് ശേഷം, അതതുസംഗതിപോലെ, ഫാക്ററിയുടെ കൈവശക്കാരൻേറയോ ചുണ്ണാമ്പുകല്ല് ഖനി ഉടമസ്ഥൻേറയോ ഡോളമൈററ് ഖനി ഉടമസ്ഥൻെറയോ മേൽ കുടിശ്ശികയായ എക്സൈസ് ഡ്യൂട്ടിയുടെ തുകയിൽ കവിയാത്ത പിഴ ചുമത്താവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും പിഴ ചുമത്തുന്നതിനു മുമ്പ്, അതതു സംഗതിപോലെ, ആ കൈവശക്കാരനോ ഉടമസ്ഥനോ പറയാനുള്ളതു പറയാൻ ന്യായമായ അവസരം നല്കേണ്ടതും, അങ്ങനെ പറയാനുള്ളതു കേട്ടശേഷം വീഴ്ചവരുത്തിയത് നല്ലതും മതിയായതുമായ കാരണത്താൽ ആയിരുന്നുവെന്ന്, അങ്ങനെയുള്ള അധികാരസ്ഥാനത്തിനു ബോദ്ധ്യപ്പെടുന്നുവെങ്കിൽ, ഈ വകുപ്പിൻകീഴിൽ യാതൊരു പിഴയും ചുമത്താൻ പാടില്ലാത്തതുമാകുന്നു.

13. ആക്ററിൻകീഴിൽ കിട്ടാനുള്ള തുകകൾ വസൂലാക്കൽ.—(അതതു സംഗതിപോലെ, 11-ാം വകുപ്പിനോ 12-ാം വകുപ്പിനോ കീഴിൽ കൊടുക്കേണ്ട പലിശയോ പിഴയോ വല്ലതുമുണ്ടെങ്കിൽ അത് ഉൾപ്പെടെ) ഒരു ഫാക്ററിയുടെ ഏതെങ്കിലും കൈവശക്കാരനിൽനിന്നോ ഒരു ചുണ്ണാമ്പുകല്ല് ഖനിയുടേയോ ഡോളമൈററ് ഖനിയുടേയോ ഏതെങ്കിലും ഉടമസ്ഥരിൽ നിന്നോ ഈ ആക്ററിൻകീഴിൽ കിട്ടാനുള്ള ഏതൊരു തുകയും ഭൂമിക്കരകുടിശ്ശികയായിരുന്നാലെന്നപോലെ അതേരീതിയിൽ കേന്ദ്രഗവൺമെൻറിന് വസൂലാക്കാവുന്നതാണ്.

14. എക്സൈസ്ഡ്യൂട്ടിയിൽനിന്ന് ഒഴിഞ്ഞുമാറുന്നതിനുള്ള ദണ്ഡനം. (1) ഈ ആക്ററിൻകീഴിൽ, താൻ, കേന്ദ്രഗവൺമെൻറിന് കൊടുക്കേണ്ട എക്സൈസ് ഡ്യൂട്ടികൊടുക്കുന്നത് മനഃപൂർവ്വമോ ഉദ്ദേശ്യപൂർവ്വമോ ആയി ഒഴിഞ്ഞുമാറുകയോ ഒഴിഞ്ഞുമാറാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും കുററസ്ഥാപനം ചെയ്യപ്പെടുന്നതിൻമേൽ ആറുമാസത്തോളമാകാവുന്ന തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) ഈ വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം, കേന്ദ്രഗവൺമെൻേറാ കേന്ദ്രഗവൺമെൻറിൻെറ പ്രാധികാരത്തിൻകീഴിലോ കൊടുക്കുന്ന പരാതിയിൻമേലല്ലാതെ യാതൊരു കോടതിയും നടപടിക്കെടുക്കാൻ പാടുള്ളതല്ല.

15. കമ്പനികളാലുള്ള കുററങ്ങൾ.—ഈ ആക്ററിൻകീഴിലെ ഒരു കുററം, ഒരു കമ്പനിയാൽ ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, കമ്പനിക്കുപുറമേ, കുററം ചെയ്യപ്പെട്ടസമയത്ത്, കമ്പനിയുടെ ബിസിനസ് നടത്തിപ്പിനുവേണ്ടി, കമ്പനിയുടെ ചാർജ്ജുണ്ടായിരുന്നതോ കമ്പനിയോടു ഉത്തരവാദിയായിരുന്നതോ ആയ ഏതൊരാളും, ആ കുററത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹരാകുന്നതും ആണ്;

എന്നാൽ ഈ വകുപ്പിൽ അടങ്ങിയ യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ, കുററം ചെയ്യപ്പെട്ടത് തൻെറ അറിവ് കൂടാതെയാണെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള കുററം ചെയ്യുന്നത് തടയാൻ താൻ വേണ്ടത്ര ശ്രദ്ധചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ ഏതെങ്കിലും ശിക്ഷയ്ക്ക് അർഹനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററിൻകീഴിലെ ഏതെങ്കിലും കുററം, ഒരു കമ്പനിയാൽ ചെയ്യപ്പെട്ടിരിക്കയും ആ കുററം ഏതെങ്കിലും ഡയറക്ററുടേയോ മാനേജരുടേയോ സെക്രട്ടറിയുടേയോ മററു ഉദ്യോഗസ്ഥൻേറയോ സമ്മതത്തോടോ മൗനാനുവാദത്തോടോ കൂടി, ചെയ്തിട്ടുള്ളതാണെന്നോ, അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് കല്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ററോ, മാനേജരോ, സെക്രട്ടറിയോ, മററു ഉദ്യോഗസ്ഥനോ ആ കുററത്തിന് അപരാധിയാണെന്നു കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനാകുന്നതുമാണ് :

വിശദീകരണം.—ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്,—

(ക) "കമ്പനി" എന്നാൽ, ഏതെങ്കിലും ഏകാംഗീകൃതനികായം എന്നു അർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ വ്യക്തികളുടെ മററു സമാജമോ ഉൾപ്പെടുന്നതും ;

(ഖ) "ഡയറക്ററർ" എന്നാൽ, ഒരു ഫേം സംബന്ധിച്ച് അതിലെ പങ്കാളി എന്നർത്ഥമാകുന്നതും,

ആണ്.

16. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) കേന്ദ്രഗവൺമെൻറിന് ഈ ആക്ററിലെ ആവശ്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴിയും, മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിക്ക് വിധേയമായും, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗംവരാതേയും, അങ്ങനെയുള്ള ചട്ടങ്ങൾക്ക്,—

(ക) ഈ ആക്ററിൻകീഴിൽ ലെവിചെയ്യുന്ന എക്സൈസ് ഡ്യൂട്ടി നിശ്ചയിക്കുന്നതിനും പിരിക്കുന്നതിനും ;

(ഖ) ഏതു കാലാവധിക്കുള്ളിലാണോ ഫാക്ററിയുടെ കൈവശക്കാരന് ചുണ്ണാമ്പുകല്ലോ ഡോളമൈററോ വില്ക്കുകയോ മററുവിധത്തിൽ വ്യയനം ചെയ്യുകയോ ചെയ്യുന്ന ആ അങ്ങനെയുള്ള കൈവശക്കാരന്, എക്സൈസ് ഡ്യൂട്ടി കൊടുക്കേണ്ടത്, ആ കാലാവധിക്കും ;

(ഗ) ഏതു കാലാവധിക്കുള്ളിലാണോ ചുണ്ണാമ്പുകല്ല് ഖനിയുടേയോ ഡോളമൈററ് ഖനിയുടേയോ ഉടമസ്ഥന, കേന്ദ്രഗവൺമെൻറിന് എക്സൈസ് ഡ്യൂട്ടി കൊടുക്കേണ്ടത്, ആ കാലാവധിക്കും ;

(ഘ) ഫാക്ററിയുടെ കൈവശക്കാരന് എക്സൈസ് ഡ്യൂട്ടി പിരിക്കേണ്ട രീതിക്കും ;

(ങ) ഏതു കാലാവധിക്കുള്ളിലാണോ ഫാക്ററിയുടെ കൈവശക്കാരൻ, താൻ പിരിക്കുന്ന എക്സൈസ് ഡ്യൂട്ടി, കേന്ദ്രഗവൺമെൻറിന് കൊടുക്കേണ്ടത്, ആ കാലാവധിക്കും ;

(ച) ഈ ആക്ററിൻകീഴിൽ ലെവിചെയ്യുന്ന എക്സൈസ് ഡ്യൂട്ടിയുടെ പിരിവ് ചെലവ് നിശ്ചയിക്കുന്നതിനും ;

(ഛ) നിധി 5-ാംവകുപ്പിൽ വിനിർദ്ദേശിക്കുന്ന നടപടികൾക്ക് വിനിയോഗിക്കാവുന്ന രീതിക്കും ;

(ജ) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൻകീഴിലെ കടമോ സബ്സിഡിയോ നല്കുന്നതിനെ നിയന്ത്രിക്കുന്ന ഉപാധികൾക്കും ;

(ഝ) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിൻെറ ആവശ്യങ്ങൾക്ക്, ചുണ്ണാമ്പുകല്ല് ഖനികളുടേയോ ഡോളമൈററ് ഖനികളുടേയോ ഉടമസ്ഥൻമാർ ഏർപ്പെടുത്തേണ്ട ക്ഷേമസൗകര്യങ്ങളുടെ നിലവാരത്തിനും ;

(ഞ) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഗ) ഖണ്ഡം (ii)-ാം ഉപഖണ്ഡത്തിലും, ആ ഖണ്ഡത്തിലുള്ള പരിമിതി വ്യവസ്ഥയിലും പരാമർശിക്കുന്ന തുകകൾ നിശ്ചയിക്കുന്നതിനും ;

(ട) യഥാക്രമം 6-ം, 7-ം വകുപ്പുകളിൻകീഴിൽ ഏർപ്പെടുത്തുന്ന ഉപദേശകക്കമ്മിററികളും കേന്ദ്ര ഉപദേശകക്കമ്മിററിയും, ആരെല്ലാം അടങ്ങിയതായിരിക്കണമെന്നതിനും അതിൻെറ അംഗങ്ങൾ വരണം ചെയ്യപ്പെടേണ്ട രീതിക്കും, അങ്ങനെയുള്ള അംഗങ്ങളുടെ ഉദ്യോഗകാലാവധിക്കും, അവർക്കു ബത്തകൾ വല്ലതും കൊടുക്കാനുണ്ടെങ്കിൽ അതിനും, മുൻപറഞ്ഞ ഉപദേശകക്കമ്മിററികളും കേന്ദ്ര ഉപദേശകക്കമ്മിററിയും, അവയുടെ ബിസിനസ്സ് നടത്തേണ്ട രീതിക്കും ;

(ഠ) 8-ാം വകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന എല്ലാ ആളുകളുടേയും ആൾചേർക്കലിനും, സേവനവ്യവസ്ഥകൾക്കും കർത്തവ്യങ്ങൾക്കും ;

(ഡ) 8-ാം വകുപ്പിൻകീഴിൽ ഇൻസ്പെക്ററർക്കോ ക്ഷേമ അഡ്മിനിസ്ട്രേററർക്കോ പ്രയോഗിക്കാവുന്ന അധികാരങ്ങൾക്കും ;

(ഢ) ഫാക്ററികളുടെ കൈവശക്കാരനും ചുണ്ണാമ്പുകല്ല് ഖനികളുടേയോ ഡോളമൈററ് ഖനികളുടേയോ ഉടമസ്ഥൻമാർ ഏജൻറുമാർ, അല്ലെങ്കിൽ മാനേജർമാർ എന്നിവരും കേന്ദ്രഗവൺമെൻറിന്, ആ ഗവൺമെൻറ് അപ്പോഴപ്പോഠ ആവശ്യപ്പെടുന്ന സ്ഥിതിവിവരകണക്കുകളും മററു വിവരങ്ങളും നല്കുന്നതിനും ;

(ണ) 12-ാം വകുപ്പിൻകീഴിൽ ഏതെങ്കിലും ദണ്ഡനം ചുമത്താവുന്ന അധികാരസ്ഥാനത്തിനും ;

വ്യവസ്ഥചെയ്യാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൻേറയോ (ഢ) ഖണ്ഡത്തിൻേറയോ കീഴിൽ ഏതെങ്കിലും ചട്ടം ഉണ്ടാക്കുമ്പോഠ, അതിൻെറ ലംഘനം, അഞ്ഞൂറുരൂപയോളമാകാവുന്ന പിഴ നല്കി ശിക്ഷിക്കപ്പെടുന്നതാണെന്ന് കേന്ദ്രഗവൺമെൻറിന് നിദേശിക്കാവുന്നതാണ്.

(4) ഈ വകുപ്പിൻകീഴിലുണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അതു ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോഠ അതിൻെറ ഓരോ സഭയുടേയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി, ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങഠക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ്, ഇരുസഭകളും, ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനുശേഷം, ആ ചട്ടത്തിന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ പ്രാബല്യം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു ; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രാബല്യശൂന്യമാക്കലോ ഈ ചട്ടത്തിൻകീഴിൽ മുമ്പുചെയ്തിട്ടുള്ള എന്തിൻേറയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കുന്നതാണ്.